നമ്മുടെ ഏതെങ്കിലും ചില വിദ്യാലയങ്ങളിൽ, പരീക്ഷണാത്മകമായിട്ടായാലും വായനഗ്രൂപ്പുകഠം സ്ഥാപിച്ചു നടത്തുവാൻ ഉത്സാഹികളായ അദ്ധ്യാപകർ മുന്നോട്ടുവരുമെന്നാശിക്കുന്നു. വിദ്യാഭ്യാസത്തിലെ വിങ്ങലിനും നിശ്ചലാവസ്ഥയ്ക്കും പരിഹാരം ഇതിൽനിന്ന് ഒരുപക്ഷേ, മുളയെടുത്തേക്കാം.

(6 മെയ്, 1982)

# 102. വിവർത്തനം

മലയാളത്തിലെ യുഗസ്രഷ്ടാവായ ചരിത്രാഖ്യായികാകാരനായിരുന്നു സി. വി. രാമൻപിള്ള. അദ്ദേഹത്തിന്റെ നൂററിയിരുപത്തഞ്ചാം ജന്മവാർഷികം ഇക്കഴിഞ്ഞ സെപ്റ്റംബർ ആദ്യത്തിൽ തൃശ്ശൂരിൽവെച്ച് കേന്ദ്ര സാഹിത്യ അക്കാദമിയും കേരള സാഹിത്യ അക്കാദമിയും ചേർന്ന് ആഘോഷിക്കുകയുണ്ടായി. ഇന്ത്യയിലെ പല ഭാഷകളിലെയും പ്രശസ്തരായ എഴുത്തുകാർ പങ്കെടുത്തിരുന്ന ഈ ആഘോഷത്തിനിടയ്ക്ക് ഭാരതീയ ഭാഷകളിലെ ഉത്കൃഷ്ടകൃതികഠം ഇംഗ്ലീഷിലേക്കും, തമ്മിൽത്തമ്മിലും, തർജമചെയ്യുന്നതിനു കഴിവുള്ള വിവർത്തകരെ തയ്യാറാക്കേണ്ടതെങ്ങനെ എന്ന പ്രശ്നം, പ്രാസംഗികമായി പൊന്തിവരികയുണ്ടായി.

ഇന്ത്യയിലെ പല ഭാഷകളിലുമുള്ള മികച്ച കൃതികഠം മാത്രമല്ല, അത്രയൊന്നും മികച്ചവയല്ലാത്ത കൃതികഠംകൂടി ഉടനെയോ, വൈകിയോ, മലയാളത്തിലേക്കു വിവർത്തനംചെയ്യപ്പെടുന്നുണ്ട്. എന്നാൽ, മലയാളത്തിലെ സർവോത്കൃഷ്ടകൃതികഠംപോലും മററു ഭാരതീയഭാഷകളിലേക്കു അപൂർവമായേ വിവർത്തിതങ്ങളാകുന്നുള്ളു. കേരളത്തിലെ സാഹിത്യകാരന്മാർക്കിടയിൽ ഏറെക്കാലമായി നിലവിലുള്ള ഈ പരാതി, സെപ്റ്റംബർ 11-ാം തീയതി നടന്ന ഒരു സമ്മേളനത്തിൽ, കേരള സാഹിത്യ അക്കാദമിയുടെ കാര്യദർശിയായ ശ്രീ പവനൻ ഉന്നയിച്ചു. ഇതിനെത്തുടർന്ന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷനായ ഡോ. വി. കെ. ഗോകാക്, ഇന്ത്യൻ ഭാഷകളിലെ കൃതികഠം ഇംഗ്ലീഷിലേക്കു സാഹിത്യഭംഗി കളയാതെ വിവർത്തനംചെയ്യാൻ കഴിവുള്ളവർ കുറവാണെന്ന വസ്തുതയിലേക്കു വിരൽചൂണ്ടി. തർജമക്കാരെന്ന നിലയിൽ ഇന്ന് അറിയപ്പെടുന്ന പലരും മൂലകൃതിയുടെ വികലമായ പുനരാവിഷ്കരണമാണ് കാഴ്ചവെക്കുന്നത് എന്ന് അദ്ദേഹം കരുതുന്നു. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിനു സർവകലാശാലകഠം മുൻകൈയെടുക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹം ബാംഗ്ലൂർ സർവകലാശാലയുടെ വൈസ് ചാൻസലർ ആയിരുന്നപ്പോഠം നല്ല തർജമക്കാരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി സിലബസ്സിൽ (ഇംഗ്ലീഷ് എം. എ. യുടെ സിലബസ്സിൽ ആയിരിക്കാം) ചില മാററങ്ങളെല്ലാം വരുത്തുകയുണ്ടായി. എന്നാൽ, ഡോ. ഗോകാക് വൈസ് ചാൻസലർ പദവി വെടിഞ്ഞതോടെ, പഴയ സിലബസ് തിരിച്ചുവന്നു! സി. വി. രാമൻപിള്ളയുടെ നോവലുകഠം ഭംഗിയായും പര്യാപ്തമായും ഇംഗ്ലീഷിലേക്കു വിവർത്തനംചെയ്താൽ, പ്രസിദ്ധീകരിക്കാൻ കേന്ദ്ര സാഹിത്യ അക്കാദമി തയ്യാറാണെന്ന് അദ്ദേഹം ഉറപ്പുനൽകി.

ഒരു ഇന്ത്യൻഭാഷയിലുള്ള ഉത്തമകൃതികഠം ഇംഗ്ലീഷ് വിവർത്തനത്തിലൂടെ വേണമോ മറെറാരു ഇന്ത്യൻ ഭാഷയിലേക്കു പകരാൻ? ഇംഗ്ലീഷിന്റെ ഇടനിലയില്ലാതെ അവ ഒരിന്ത്യൻഭാഷയിൽനിന്ന് മറെറാരി

ന്ത്യൻഭാഷയിലേക്ക നേരിട്ട വിവർത്തനംചെയ്യുകൂടെ? അങ്ങനെയല്ലേ വേണ്ടതു്? വേണ്ടതു് അങ്ങനെതന്നെ. പക്ഷേ, അതിനു് ആവശ്യമായ സിദ്ധികളുള്ള വിവർത്തകർ ഇന്ത്യൻഭാഷകളിൽ ഇന്നില്ലെന്നു് തല മുതിർന്ന രാഷ്ട്രീയപ്രവർത്തകനും തെലുഗുസാഹിത്യകാരനുമായ ഡോ. ബി. ഗോപാലറെഡ്ഡി പറഞ്ഞു. അയൽപക്കത്തെ ഭാഷ പഠിക്കുന്നതിൽ ഇന്ത്യക്കാർ വിമുഖരാണെന്നതാണു് ഡോ. റെഡ്ഡിയുടെ ദീർഘകാലാനു ഭവം. ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളിലും മറെറാരു സ്റ്റേററിലെ പ്രാദേ ശികഭാഷയുടെ പഠനംകൂടി നിർബന്ധിതമാക്കണമെന്നു് ഉത്തരപ്രദേ ശിലെ ഈ മുൻഗവർണർ അഭിപ്രായപ്പെട്ടു. അദ്ദേഹം ഗവർണറായിരുന്ന കാലത്തു് ഉത്തർപ്രദേശിലെ സ്കൂളുകളിൽ തെലുഗുഭാഷ പഠിപ്പിക്കാനു ണ്ടായ പരിശ്രമത്തിനു് പിന്നീടു് എന്തുപററി എന്നു്, പക്ഷേ, ശ്രീ ഗോപാലറെഡ്ഡി വിവരിച്ചതായി പത്രത്തിൽ കണ്ടില്ല. ഇന്ത്യൻഭാഷക ളിൽ പരസ്പരം ആദാനപ്രദാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു് എന്തു ചെയ്യണമെന്ന ചോദ്യത്തിനു് 'രോഗമെന്താണെന്നേ അറിയൂ, മരുന്നു് എന്തെന്നു് അറിയില്ല' എന്നാണത്രേ ഡോ. റെഡ്ഡി മറുപടി പറ ഞ്ഞതു്.

പരമാർത്ഥം നേരേ മറിച്ചാണു്. രോഗമാണു് ഇനിയും ശരിക്കു മന സ്സിലാക്കപ്പെടാത്തതു്. മരുന്നു് ആർക്കും അറിയാവുന്നതേയുള്ളു. ഇന്ത്യൻ ഭാഷകളിൽ പരസ്പരം കാര്യക്ഷമമായ വിവർത്തനം നടക്കണമെങ്കിൽ, അതിനു് ആദ്യം ചെയ്യേണ്ടതു് വിവർത്തകരെ പരിശീലിപ്പിക്കുകയും, വിവർത്തനത്തിലേർപ്പെട്ടവർക്കു് ഉപജീവനത്തിനുള്ള വക കിട്ടുമെന്നു് ഉറപ്പുവരുത്തുകയുമാണു് എന്ന ലളിതമായ സത്യം മനസ്സിലാക്കാത്തവർ ഉണ്ടോ?

ത്രിഭാഷാപദ്ധതിയാണു് നാം വിദ്യാഭ്യാസത്തിൽ അംഗീകരിച്ചി ട്ടുള്ളതു്. ഇതിനർത്ഥം, അഭ്യസ്തവിദ്യനായ ഓരോ ഇന്ത്യക്കാരനും സ്വന്തം പ്രാദേശികഭാഷയ്ക്കു പുറമേ മറെറാരു ഇന്ത്യൻഭാഷകൂടി അറിഞ്ഞിരിക്കണ മെന്നതാണു്. എന്നാൽ, ഇന്ത്യയിലെ എല്ലാ സ്റ്റേററുകളിലുമുള്ള വിദ്യാ ലയങ്ങളിൽ ഊന്നൽ കൊടുക്കുന്നതു് പ്രാദേശികഭാഷയുടെയോ മറെറാരു ഭാരതീയഭാഷയുടെയോ പഠനത്തിനല്ല. ഊന്നൽ എപ്പോഴും ഇംഗ്ലീ ഷിനാണു്. എന്നിട്ടെന്താണു്? സർവകലാശാലാബിരുദധാരികൾക്കു കൂടി ഇംഗ്ലീഷ് ശരിക്കു കൈകാര്യംചെയ്യാൻ കഴിയാതായിരിക്കുന്നു. കേരളത്തിലെ സ്ഥിതി ഇതാണു്. മററു സംസ്ഥാനങ്ങളിലെ സ്ഥിതി യും അറിഞ്ഞിടത്തോളം വ്യത്യസ്തമല്ല.

ഇന്ത്യയിലെ സ്കൂളുകളിലും കോളേജുകളിലും പ്രാദേശികഭാഷയു ടെയും രണ്ടാമത്തെ ഇന്ത്യൻഭാഷയുടെയും (കേരളത്തിൽ,ഇതു ഹിന്ദിയാ ണു്; ഹിന്ദിമേഖലയിൽ ഒരു ദക്ഷിണേന്ത്യൻഭാഷയ്ക്കാണു് ഈ പദവി നല്കേണ്ടതു്) നിലവാരം ഉയർത്താൻ ആത്മാർത്ഥവും സംഘടിതവുമായ ഒരു യത്നം ആരംഭിക്കുകയാണു് അടിയന്തരമായി ചെയ്യേണ്ടതു്. ശ്രീ ഗോപാലറെഡ്ഡി അറിയാത്ത മരുന്നിന്റെ ആദ്യത്തെ ഡോസ് ഇതാണു്.

അഹിന്ദിപ്രദേശങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനു വേണ്ടിവരു ന്ന ചെലവു് സംസ്ഥാനങ്ങൾക്കു കേന്ദ്രഗവണ്മെൻറ് നല്കുന്നുണ്ടെന്നാണു് അറിവു്. ഈ ധനവ്യയംകൊണ്ടു പ്രയോജനമൊന്നും ഉണ്ടാകരുതെന്ന ഉദ്ദേശ്യമാണു്, പക്ഷേ, സംസ്ഥാനഗവണ്മെൻറുകൾക്കു് ഉള്ളതെന്നു തോന്നുന്നു. സ്കൂളുകളിലെ ഹിന്ദിപഠനം നാമമാത്രവും പ്രഹസനരൂപ വുമാക്കുന്നതിനു് ആവശ്യമായതെല്ലാം വിദ്യാഭ്യാസമേധാവികൾ ചെയ്തു വരുന്നു എന്നതല്ലേ നമ്മുടെ അനുഭവം? അതിരിക്കട്ടെ.

ഹിന്ദിപ്രദേശങ്ങളിൽ ദാക്ഷിണാത്യഭാഷകൾ പ്രചരിപ്പിക്കുന്നതി

ന വേണ്ടിവരുന്ന ചെലവ് ഹിന്ദിസംസ്ഥാനങ്ങൾക്കു കേന്ദ്രഗവണ്മെൻറ് നൽകിവരുന്നുണ്ട്. ഈ പദ്ധതിക്കു കീഴിൽ രാജസ്ഥാനിലെ ഏതാനും സെക്കൻഡറി സ്കൂളുകളിൽ കുറേക്കാലമായി മലയാളം പഠിപ്പിച്ചുവരുന്നുണ്ടെന്ന് അറിയാം. ഉത്തർപ്രദേശിലെ സ്ക്കൂളുകളിലെ തെലുഗുപഠനത്തെപ്പററി മുമ്പു പറഞ്ഞുവല്ലോ? തമിഴ്, കന്നഡം മുതലായ ഭാഷകളും മററു ചില സ്റ്റേററുകളിലെ സ്ക്കൂളുകളിൽ പഠിപ്പിക്കുന്നുണ്ട്. ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അദ്ധ്യാപകരുടെ ശമ്പളം കേന്ദ്രഗവണ്മെൻറ് നല്കുന്നു. പക്ഷേ, ഈ അന്യഭാഷാദ്ധ്യാപകരിൽ മിക്കവർക്കും അവർ പഠിപ്പിക്കുന്ന ഭാഷകളിൽ അറിവോ, താല്പര്യമോ ഇല്ലെന്നതാണ് ദുഃഖകരമായ വാസ്തവം. രാജസ്ഥാനിൽ മലയാളം പഠിപ്പിക്കുന്നവർ മലയാളികളല്ല, രാജസ്ഥാൻകാരാണ്. അവരുടെ മാതൃഭാഷ മലയാളമല്ലെന്നു മാത്രമല്ല, മലയാളം അവർ പഠിച്ചിട്ടുമില്ല. മൈസൂരിലെ ഭാരതീയ ഭാഷാകേന്ദ്രത്തിൽ ഇവർക്കു കേന്ദ്രസർക്കാർ ചെലവിൽ ഒരു വർഷം മലയാളത്തിൽ പരിശീലനം നല്കുന്നു എന്നാണു വയ്പ്പ്. അതു കഴിഞ്ഞ് അവരെ കേന്ദ്രസർക്കാർചെലവിൽത്തന്നെ തിരുവനന്തപുരവും കന്യാകുമാരിയും കാട്ടിക്കൊടുക്കുകയുംചെയ്യുന്നു. ഇതുകൊണ്ട് മലയാളം സംസാരിക്കാനോ, മലയാളപുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കാനോ വേണ്ട ഭാഷാപരിചയം അവർക്കു കിട്ടുന്നില്ല എന്നു പറയേണ്ടതില്ല. രാജസ്ഥാനിൽ മലയാളം പ്രചരിച്ചുകാണണമെന്ന ആഗ്രഹം അവർക്ക് ഉണ്ടാവാൻ ഇടയുമില്ല്. ഇത്തരമൊരു ഭാഷാപഠനപദ്ധതി നടപ്പാക്കുന്നതുവഴി ഏതാനും രാജസ്ഥാൻകാരെയെങ്കിലും മലയാളം പഠിപ്പിക്കാനോ, അവരിൽനിന്നു ചിലരെയെങ്കിലും വിവർത്തകരായി വളർത്തിയെടുക്കാനോ കഴിയുകയില്ലെന്നു സ്പഷ്ടമാണ്. തമിഴ്, കന്നഡം, തെലുഗു മുതലായ മററു ഭാഷകൾ ഹിന്ദിപ്രദേശങ്ങളിൽ പ്രചരിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതും ഈ വിധത്തിൽ തന്നെയായിരിക്കണം. സദുദ്ദേശ്യത്തോടെ രൂപം നല്കിയ ഒരു സർക്കാർ പദ്ധതി അധികൃതരുടെ അശ്രദ്ധമൂലം, തികഞ്ഞ പ്രഹസനമായി മാറുന്നത് ഇവിടെ നാം കാണുന്നു.

ഇതു സെക്കൻഡറി സ്ക്കൂളുകളിലെ ഭാഷാപഠനത്തിന്റെ കാര്യം. സർവ്വകലാശാലാതലത്തിൽ പ്രാദേശികേതര ഭാരതീയഭാഷാപഠനത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ദൽഹി, അലിഗഢ് മുതലായി ഉത്തരേന്ത്യയിലെ പല സർവകലാശാലകളിലും മലയാളഭാഷാവകുപ്പുകളുണ്ട്. ഇവയുടെ ദീർഘകാലപ്രവർത്തനത്തിൻഫലമായി ഹിന്ദിയോ, മറേറതെങ്കിലും ഔത്തരാഹഭാഷയോ മാതൃഭാഷയായിട്ടുള്ള എത്ര പേർ മലയാളഭാഷാകൃതികൾ സ്വന്തം മാതൃഭാഷകളിലേക്കു വിവർത്തനംചെയ്യുന്നതിനാവശ്യമായ അവഗാഹം മലയാളത്തിൽ നേടിയിട്ടുണ്ട് എന്ന ചോദ്യം പ്രസക്തമാണ്. ഈ ചോദ്യത്തിന്റെ ഉത്തരം തൃപ്തികരമല്ലെങ്കിൽ, ഈ സർവകലാശാലകളിലെ മലയാളം വകുപ്പുകൾക്കുവേണ്ടി എന്തിനു പണം ചെലവഴിക്കുന്നു എന്ന മറെറാരു അസൗകര്യപ്രദമായ ചോദ്യവും ഉന്നയിക്കേണ്ടിവരും.

തമിഴ്നാട്ടിലെ രണ്ടു സർവകലാശാലകളിലെങ്കിലും മലയാളം വകുപ്പുകൾ ഉണ്ട്. ഞാനറിഞ്ഞിടത്തോളം ഇവയിലെ ബിരുദ—ബിരുദാനന്തരതലങ്ങളിൽ വിദ്യാർത്ഥികളായി ചേരുന്നത്, കേരളത്തിലെ കോളേജുകളിലും സർവകലാശാലകളിലും ബിരുദ—ബിരുദാനന്തരതലങ്ങളിൽ പ്രവേശനം ലഭിക്കാത്ത മലയാളികളാണ്. തമിഴർക്ക് ഈ വകുപ്പുകളിൽ ഒരു താല്പര്യവുമില്ല. അദ്ധ്യാപകർ മിഷനറി സ്പിരിറേറാടെ പ്രവർത്തിക്കുന്നവരാണെങ്കിൽ, അവരുടെ നിരന്തരപ്രേരണനിമിത്തം മലയാളഭാഷ കഷ്ടിച്ചു പഠിച്ച് ഒരു ഡിപ്ലോമ നേടാൻ തമിഴ്

മാതൃഭാഷയായിട്ടുള്ള ചിലർ തയ്യാറായി എന്നുവരും, അത്രമാത്രം. മലയാളപുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കി തമിഴിലേക്കു വിവർത്തനം ചെയ്യാൻ കഴിവോ, താല്പര്യമോ ഉള്ള ഒരൊററ തമിഴനേയും ഇന്നോളം തമിഴ്നാട്ടിലെ സർവകലാശാലകൾ പരിശീലിപ്പിച്ചെടുത്തിട്ടില്ല.

ഡോ. ഗോകാക് ചെയ്തതുപോലെ, സർവകലാശാലാ സിലബസ്സിൽ ലഘുവായ മാററങ്ങൾ ഏർപ്പെടുത്തുന്നതുവഴി വിവർത്തകരെ പരിശീലിപ്പിച്ചെടുക്കുക അസാദ്ധ്യമാണെന്നതിനു് ഇതിലും ഏറെ ഉദാഹരണങ്ങൾ ആവശ്യമില്ല.

സ്കൂളുകളിലെയും കോളേജുകളിലെയും സർവകലാശാലകളിലെയും ഭാഷാപഠനത്തിന്റെ നിലവാരം എന്തായിരുന്നാലും, സ്വന്തം മാതൃഭാഷയ്ക്കു പുറമേ ഒന്നോ, രണ്ടോ, അധികമോ ഭാരതീയഭാഷകളിൽ വേണ്ടത്ര അവഗാഹം നേടിയിട്ടുള്ള നിരവധി ആളുകൾ ഇന്ത്യയിലുണ്ടെന്നതാണു വാസ്തവം. ഇവരിൽ ചിലർ സർവകലാശാലാ ബിരുദമുള്ളവരാവാം; മററു ചിലർ വിദ്യാലയം കണ്ടിട്ടേയില്ല എന്നും വരാം. സ്വന്തം മാതൃഭാഷയിൽ ഭംഗിയായി എഴുതുന്നതിനും, മററു ഭാഷകളിലെ പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനും കഴിവുള്ള ഇത്തരക്കാർക്കു പര്യാപ്തമായ പരിശീലനം നൽകുന്നപക്ഷം, ചുരുങ്ങിയ കാലത്തിനിടയ്ക്കു വിവർത്തകരുടെ ഒരു സൈന്യംതന്നെ തയ്യാറാക്കാൻ നമുക്കു കഴിയും. വിവർത്തനത്തിൽ നിന്നു വരുമാനവും വിവർത്തകനു് അംഗീകാരവുമുണ്ടാകുമെന്നു് ഉറപ്പുവന്നാൽ ധാരാളം വിവർത്തകർ രംഗത്തു വരും. ഇവരുടെ പ്രവർത്തനത്തിലൂടെ, ഭാരതീയഭാഷകൾ തമ്മിൽ അർത്ഥപൂർണമായ ആദാനപ്രദാനങ്ങൾ സാദ്ധ്യമാകുകയും ചെയ്യും.

ഇംഗ്ലീഷിൽനിന്നു ശാസ്ത്രീയഗ്രന്ഥങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നവർക്കു പരിശീലനം നൽകുന്നതിനായി, കേന്ദ്രഗവണ്മെൻറിന്റെ ധനസഹായത്തോടെ, കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് ഏതാനും വർഷം മുമ്പു നടപ്പിലാക്കിയ ഒരു വിവർത്തനപരിശീലന പരിപാടിയെപ്പററി ഈ സന്ദർഭത്തിൽ പ്രസ്താവിക്കുന്നതു പ്രസക്തമായിരിക്കും. അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു നടപടി എന്ന നിലയിലാണു് കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്, കേരള ഗവണ്മെൻറിന്റെ പ്ലാനിംഗ് വിഭാഗത്തിന്റെ സഹകരണത്തോടെ, ഈ പരിപാടി ആസൂത്രണം ചെയ്തതു്. പല വിജ്ഞാനവിഭാഗങ്ങളിൽ പോസ്റ്റ്ഗ്രാജ്വേററ് ബിരുദം നേടിയ യുവജനങ്ങളെ എഴുത്തുപരീക്ഷയും അഭിമുഖപരീക്ഷയും നടത്തി ഇതിനായി തിരഞ്ഞെടുത്തു. മൂന്നു മാസം അവർക്കു വിവർത്തനത്തിന്റെ മൗലികതത്ത്വങ്ങളിൽ സിദ്ധാന്തപരമായും, ശുദ്ധമായ മലയാളഭാഷ എഴുതുന്നതിൽ പ്രായോഗികമായും തീവ്രപരിശീലനം നൽകി. ഈ കാലത്തു് അവർക്കു പര്യാപ്തമായ വിദ്യാർത്ഥിവേതനവും കൊടുത്തിരുന്നു. പരിശീലനത്തിനുശേഷം നിശ്ചിതമായ ചില ഗ്രന്ഥഭാഗങ്ങൾ അവരിലോരോരുത്തരെക്കൊണ്ടും വിവർത്തനം ചെയ്യിച്ചു. വിവർത്തനത്തിൽ അഭിരുചിയും പ്രാവീണ്യവും ഉണ്ടെന്നു് ഈ പ്രായോഗികപരീക്ഷയിലൂടെ തെളിയിച്ചവരെ തിരഞ്ഞെടുത്തു്, വിദഗ്ദ്ധരായ ചിലരുടെ മേൽനോട്ടത്തിൽ പല സ്ഥലങ്ങളിലുമായി വിവർത്തനജോലിയിൽ ഏർപ്പെടുത്തുകയും ചെയ്തു.

നിർഭാഗ്യവശാൽ, ഈ പദ്ധതി തുടർന്നുപോകാൻ കേന്ദ്രഗവണ്മെൻറിൽനിന്നു ധനസഹായം തുടർന്നു ലഭിച്ചില്ല. എങ്കിലും, ഈ പരിപാടിയനുസരിച്ചു പരിശീലനം നേടിയ എല്ലാവരും പിന്നീടു മററു ജോലികളിൽ ചെന്നു പററിയിട്ടുണ്ടു്. മുമ്പു നേടിയ വിവർത്തനപരിശീലനം പുതിയ ജോലിയിൽ തങ്ങൾക്കു് ഉപകരിച്ചതായി അവരെല്ലാം സമ്മതിച്ചിട്ടുമുണ്ടു്. ഈ പരിശീലനത്തിന്റെ ഒരു ഉപോല്പന്നമാണു്,

തർജമയുടെ സൈദ്ധാന്തികപ്രശ്നങ്ങൾ പ്രതിപാദിക്കുന്ന 'വിവർത്തനം' എന്ന പുസ്തകം. കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് ഈ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡോ. ഗോകാക്കിനോ, ഡോ. ഗോപാലറെഡ്ഡിക്കോ താല്പര്യമുണ്ടെങ്കിൽ, വിവർത്തകരെ പരിശീലിപ്പിക്കുന്നതിനുള്ള ഫലപ്രദമായ ഒരു പരിപാടി കേന്ദ്രസാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചു നടപ്പിൽ വരുത്താവുന്നതേയുള്ളു. വിവർത്തന പരിശീലനത്തിനു കേന്ദ്രസഹായത്തോടെ വിപുലമായ തോതിൽ ഇന്ത്യയിൽ നടന്ന ഏക പരിപാടിയെന്ന നിലയിൽ, കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ടിന്റെ മുൻപറഞ്ഞ പ്രോജക്ടിൽനിന്നു പല പാഠങ്ങളും അവർക്കു പഠിക്കാനും കഴിയും.

മരുന്ന് ഇതാണ്. രോഗം മാറണമെന്ന് രോഗിക്ക് ആഗ്രഹമുണ്ടോ? അതു വിഷയം വേറെ.

(12 സെപ്തംബർ, 1983)

## 103. വനവിധ്വംസനം

ഇന്ത്യയിലെ കാടുകൾ അതിവേഗത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കു രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നതിന്റെ നേരിട്ടുള്ള ഒരു ഫലമാണു ത്വരിതമായ ഈ വനവിധ്വംസനം. ഇന്ത്യ പിടിച്ചടക്കി, ചൂഷണം ചെയ്യാൻവേണ്ടി ഭരിച്ചുവന്ന ബ്രിട്ടീഷ് ഗവണ്മെൻറിനു് ഉദ്ബുദ്ധമായ ഒരു വനനയം ഉണ്ടായിരുന്നു. ബ്രിട്ടീഷ് ഗവണ്മെൻറ് ഇന്ത്യയിലെ കാടുകൾ കണ്ടമാനം വെട്ടി നശിപ്പിച്ചിട്ടില്ലെന്നല്ല. പക്ഷേ, കാടുകൾ വെട്ടിക്കളഞ്ഞ സ്ഥലത്തു് ഉപയോഗമുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുവാൻ അവർ ശ്രമിച്ചു. ഹിമാലയച്ചെരുവിലെ സൂചിയിലക്കാടുകളും നിലമ്പൂരിലെ തേക്കിൻകാടുകളും ബ്രിട്ടീഷ് ഗവണ്മെൻറിന്റെ വനനയത്തിന്റെ വാചാലങ്ങളായ തെളിവുകളാണ്. കാട്ടുജന്തുക്കളെ വേട്ടയാടുന്ന കാര്യത്തിൽ പല ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരും അത്യന്തം തല്പരരായിരുന്നു. അതേസമയം അവർ മൃഗജീവിതം ശ്രദ്ധിച്ചു പഠിക്കുകയും, അതിനെപ്പററി ആധികാരികകൃതികളെഴുതുകയും, വന്യമൃഗങ്ങളുടെ പരമ്പര കററിയററുപോകാതിരിക്കാൻ വേണ്ട മുൻകരുതലുകളെടുക്കുകയുംചെയ്തു.

ബ്രിട്ടീഷ് ഭരണകാലത്തു് ഇന്ത്യയിലെ കാടുകളിൽ വളരെ വലിയ ഒരു ഭാഗം സ്വകാര്യവ്യക്തികളുടെ കൈവശമായിരുന്നു. ഈ സ്വകാര്യവനങ്ങളുടെ ചൂഷണം സംബന്ധിച്ചും, ഫലപ്രദമായ പല നിയന്ത്രണങ്ങളും ബ്രിട്ടീഷ് സർക്കാർ ആവിഷ്കരിച്ചു നടപ്പിൽവരുത്തിയിരുന്നു.

നമുക്കു രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നതോടെ സ്ഥിതി പാടെ മാറി. ഇന്ത്യൻ കാടുകളിലെ അനന്തമെന്നു തോന്നിയ സമ്പത്തിലേക്കു സാമൂഹ്യദ്രോഹികളുടെ ദൃഷ്ടി പതിഞ്ഞു. കാട്ടുകള്ളന്മാർ മുമ്പും ഉണ്ടായിരുന്നില്ലെന്നല്ല; അവർ സർക്കാരുദ്യോഗസ്ഥന്മാരെ സ്വാധീനിച്ചു വനംകൊള്ള നടത്തിയിരുന്നില്ലെന്നും പറയുന്നില്ല. പക്ഷേ, കാട്ടുകള്ളന്മാർക്കു രാഷ്ട്രീയകക്ഷികളുടെ മുക്തഹസ്തമായ പിന്തുണ ഇന്ത്യയിൽ ലഭിച്ചതു സ്വാതന്ത്ര്യത്തിനുശേഷം മാത്രമാണ്. കൈക്കൂലി കൊടുത്തു വനംവകുപ്പുദ്യോഗസ്ഥന്മാരെ സ്വാധീനിക്കുന്നതിനേക്കാൾ എളുപ്പമായിത്തീർന്നു, സംഭാവന കൊടുത്തു രാഷ്ട്രീയകക്ഷികളുടെ നേതാക്കളെ പ്രീണിപ്പിക്കൽ. സംഘടിതമായി കാടു കൈയേറി കൊള്ള നടത്തുന്നവരുടെ രാഷ്ട്രീയകക്ഷികൾ